**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**01.03.2021**

# പത്രക്കുറിപ്പ്

## ഡോ. ടി.എൻ. സീമ ഹരിത കേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ സ്ഥാനം ഒഴിഞ്ഞു.

ഹരിത കേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ സ്ഥാനത്തുനിന്നും ഡോ. ടി.എൻ. സീമ ചുമതല ഒഴിഞ്ഞു. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2016 ഡിസംബറിൽ ഹരിത കേരളം മിഷൻ സ്ഥാപിച്ചതു മുതൽ ഡോ. ടി.എൻ. സീമയായിരുന്നു ഉപാദ്ധ്യക്ഷ സ്ഥാനം വഹിച്ചിരുന്നത്. ഇക്കാലത്ത് ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം-ജല സുരക്ഷ, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വ്യാപനം എന്നീ മേഖലകളിൽ സംസ്ഥാനത്ത് വൈവിധ്യവും നൂതനവുമായി പ്രവർത്തനങ്ങൾ സാരഥ്യം വഹിക്കുകയും വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയും ചെയ്തു. വെള്ളം, വൃത്തി, വിളവ് എന്നീ ആശയങ്ങൾ മുൻനിർത്തി പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഉൾപ്പെടെ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് നേതൃത്വം നൽകി.

ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിച്ച വിവിധ ക്യാമ്പയിനുകൾ, 900 -ത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വപദവി, 11500-ലധികം സർക്കാർ ഓഫീസുകൾ ഉൾപ്പെടെ ആഘോഷങ്ങളിലും ഉത്സവങ്ങളിലും പൊതു പരിപാടികളിലും ഹരിതചട്ട പാലനം, പ്രളയകാലത്തെയും കോവിഡ് കാലത്തെയും ശുചീകരണ പ്രവർത്തനങ്ങൾ, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 28632 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനകൾ, അജൈവ മാലിന്യ സംഭരണത്തിനും ശേഖരണത്തിനും എം.സി.എഫ്-ആർ.ആർ.എഫ്. സംവിധാനങ്ങൾ, പുഴകൾക്ക് പുതുജീവൻ കിട്ടുംവിധം നദീപുനരുജ്ജീവന പ്രവർത്തനങ്ങൾ, നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പുമായി *ഇനി ഞാൻ ഒഴുകട്ടെ*, കിണറുകളുടേയും കുളങ്ങളുടേയും നവീകരണവും റീ-ചാർജ്ജിംഗും, ജലസ്രോതസ്സുകളിൽ സ്കെയിൽ സ്ഥാപിക്കലും അവയുടെ ഡിജിറ്റൽ മാപ്പിംഗും, ജല ബജറ്റ് തയ്യാറാക്കൽ, കുടിവെള്ളത്തിന്റെ പ്രാഥമിക ജല ഗുണ നിലവാര പരിശോധനയ്ക്ക് പ്രാദേശിക ലാബുകൾ, തരിശ് നിലങ്ങളിലെ കൃഷിവ്യാപനം, ഹരിത സമൃദ്ധി വാർഡ്, ജൈവ പച്ചക്കറി കൃഷി വ്യാപനം, സ്കൂളുകളിലും സ്ഥാപനങ്ങളിലുമുള്ള ഒഴിഞ്ഞയിടങ്ങളിൽ പച്ചക്കറി കൃഷി, സംയോജിത കൃഷി പ്രോത്സാഹനം, ഐ.ടി.ഐ. ഹരിത ക്യാമ്പസ്, പരമാവധി വീടുകളെ ഹരിത ഭവനമാക്കുന്ന പദ്ധതി, ദേവസ്വം ബോർഡ് ക്ഷേത്ര വളപ്പുകളിൽ കൃഷിക്കുള്ള ദേവഹരിതം പദ്ധതി, പ്രാദേശിക ജൈവ വൈവിധ്യം ഉറപ്പാക്കി ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ ചെറു വനങ്ങൾ സൃഷ്ടിക്കുന്ന 1600-ലധികം പച്ചത്തുരുത്തുകൾ, കുട്ടികൾക്കായി ഹരിതോത്സവം പരിപാടിയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അവധിക്കാല ക്യാമ്പുകളും തുടങ്ങി വിവിധ പദ്ധതികൾ വൻ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചു. പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയകളിലും വികസന പ്രവർത്തനങ്ങളിലും ജനകീയ മുഖം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. ഹരിത കേരളം മിഷൻ ടീം അംഗങ്ങളും ജില്ലാ കോർഡിനേറ്റർമാരും ചേർന്ന് ഇതുവരെയുള്ള പ്രവർത്തനങ്ങൾ സ്ഥാനമൊഴിയുന്ന ഡോ. ടി.എൻ. സീമയുടെ നേതൃത്വത്തിൽ വിലയിരുത്തുകയും അഭിനന്ദനം അറിയിക്കുകയും ചെയ്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**9895882812**